പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3343 | 08-11-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക കടാശ്വാസ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ), (ബി) & (സി) | കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന വിശദാംശങ്ങൾ എല്ലാമടങ്ങിയ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി എല്ലാ മാസത്തിലും വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ മാറി മാറി സിറ്റിംഗ് നടത്തി വരുന്നു. കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ഇടുക്കി, വയനാട് ജില്ലകളിൽ എല്ലാ മാസവും സിറ്റിംഗ് നടത്തി വരുന്നു. കർഷകർക്ക് വേഗത്തിൽ കടാശ്വാസം ലഭിക്കുന്നതിനായി കമ്മീഷൻ പ്രതിമാസം 16 സിറ്റിംഗ് നടത്തി വരുന്നുണ്ട്. ഓരോ ദിവസവും 400 അപേക്ഷകൾ വരെ പരിഗണിക്കുന്നുണ്ട്.<br>കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | കാർഷിക കടാശ്വാസം നൽകുന്നതിനുള്ള നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | പ്രളയം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രത്യേക | (ഡി) | 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് |

| | | | |
|---|---|---|---|
| | സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. 1.65 കോടി രൂപയുടെ 392.38 ടൺ നെൽവിത്ത് പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, എസ്.ഡി.ആർ.എഫ് എന്നീ ഇനങ്ങളിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**